**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1549** **15-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളേയും സ്മാർട്ട് കൃഷിഭവനുകളാക്കുവാനുള്ള പദ്ധതിയാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ കൃഷിഭവനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളതുമായ കൃഷിഭവനുകൾ ഗുരുവായൂർ, ഏങ്ങണ്ടിയൂർ എന്നിവയാണ്. |
| (സി) | കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ? | (സി) | കൃഷി ഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫണ്ട് നീക്കിവെച്ചിട്ടില്ല. കൃഷി ഭവനുകൾ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന്റെ ഭാഗമായി RIDF, RKVY പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ